[Hon'ble Mr .A. J. Jhon]

sary. For this purpose two new Sections 11 A and 11 B are proposed to be inserted in the Civil Courts Act of 1084. See clause 5. It is also proposed to invest the Small Cause Courts with jurisdiction in special proceedings for the recovery of immovable property of a certain annual value from the possession of permissive occupants without prejudice to any right of suit for title which the parties may have. For this purpose, the new Sections 20 to 28 are proposed to be added after Section 19 of the Civil Courts Act. See clause 9. These new Sections make provision to confer on the Small Cause Courts jurisdiction in special proceedings for the recovery of possession of immovable property the annual letting value of which does not exceed five hundred rupees.

I move that the Bill be referred to a Select Committee consisting of the following members :

Mr. Abdul Majeed.
„ P. Gopalan.
„ Kumaran Asari.
„ K. Velayudhan Nair.
„ K. A. Gangadhara Menon.
„ M. Varkey.
Miss Accamma Cheriyan.
Mr. M. Govindan.

The quorum may be four.

HON'BLE MR. N. KUNJURAMAN: I second it.

The motion was put and carried.

MR. PRESIDENT: The next Bill is the Travancore Panchayath Bill.

HON,BLE MR. N. KUNJURAMAN: ഈ ബിൽ ഇപ്പോഠം ഇവിടെ അവതരിപ്പിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇതിൽ ചില സാരമായ ഭേദഗതികൾ കൂടി ചെയ്യുന്നതിനുശേഷം അവതരിപ്പിക്കാമെന്നാണ് വിചാരിക്കുന്നത്.

## THE TRAVANCORE TAXATION ON INCOME (INVESTIGATION COMMISSION) BILL.

HO'NBLE MR. A. J. JOHN: Sir, I beg to introduce the Travancore Taxes on Income (Investigation Commission) Bill.

HON'BLE MR. T. K. NARAYANA PILLAI: I second it.

MR. JOSEPH MALIECKAL: Sir, in supporting the Bill I wish to draw the attention of this House to certain aspects.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN: I have to speak on the main principles of the Bill and then the Hon'ble member can proceed with his observations.

Sir, this Bill is intended to give effect to the resolution passed by this Assembly that an enactment be passed similar to the Indian Act XXX of 1947 to provide for an investigation into matters relating to evasion of taxation on income. For this purpose a Commission consisting of three persons is proposed to be appointed.

The following are the salient features of the Bill. Government are invested with power to refer to the Commission for investigation and report any case in which they have reason to believe that a person has to a substantial extent evaded payment of taxation on income together with such materials as may be available in support of their belief. They have also power to withdraw at any time any case referred by them. If, after examining the materials furnished by Government and making such investigation as may be necessary, the Commission is of opinion that further investigation is not necessary, they may make a report to that effect and upon such report being made the investigation shall be deemed to be closed. If in the course of investigation of any case the Commission is of opinion that some person other than the person whose case is investigated or that some additional points require investigation, they may make a report to that effect and thereupon the Government are bound to refer to the Commission for investigation the case of any person or any additional points indicated in the report.

The Commission is invested with all the powers of a Civil Court for the purposes of taking evidence on oath, enforcing the attendance of witnesses, and of persons whose cases are being investigated, compelling the production of documents and issuing commissions for the examination of witnesses. They have also power to require any person to prepare and furnish written statements of accounts and affairs verified on oath and to give information on matters specified by them. For the purposes of examining accounts and documents, interrogating any person or obtaining any statements from any person, the Commission have power to authorise an Income-tax Authority in that behalf. The Commission will consider all the materials brought on record and make a report thereon to the Government. After considering the report, Government are bound to direct the reopening of assessment proceedings and upon such direction being given, the Commission has power to take assessment or reassessment proceedings under the appropriate statute to which the case relates, notwithstanding any lapse of time or any decision to a different effect given in the case by any Income-tax Authority or Income-tax Appellate Tribunal. The bindings recorded by the Commission will be final subject only

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. Jhon]

to the decision by a Full Bench of the High Court on any point of law referred to it at the instance of the person aggrieved by the order of the Commission.

All acts and proceedings of the Commission are protected from being questioned in any Court of Law. The Commission and the officer authorised by them are deemed to be public servants. Government have power to make rules for carrying out the purposes of the Act.

MR. JOSEPH MALIECKAL : ഇൻകംടാക്സ് ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനായി കഴിഞ്ഞ സെഷനിലെ അജണ്ടായിൽ ഉൾപ്പെട്ടത്തേണ്ടതാണെന്നു കാണിച്ച് ഒരു പെറിഷൻ ഞാൻ ഹാജരാക്കിയിട്ടുണ്ടായിരുന്നു. സർ, ഈ ബിൽ ആവശ്യമാണെന്നുള്ളതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. എന്നാൽ ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മകൊണ്ടും കൈക്കൂലിയിൽ അവർക്കുള്ള താൽപര്യംകൊണ്ടും ചില പ്രേരണാശക്തികൊണ്ടും കുറെയധികം ആളുകളിൽ നിന്നും ആദായനികുതി ഈടാക്കാതെ വിട്ടുകളഞ്ഞിട്ടുണ്ട്. അങ്ങനെയുള്ളവരിൽ നിന്നും ആണ്ടിനാൽ അവർക്കുകിട്ടുന്ന ആദായം കണക്കാക്കി നികുതി ഈടാക്കേണ്ടതാണ്. അതുപോലെതന്നെ മറെറാരുകാര്യം പറയാനുള്ളത്, ഈ ഉദ്യോഗസ്ഥന്മാർ, മനപൂർവ്വമായി ചിലരെ സഹായിക്കുകയും ശുപാർശയോ, സ്വാധീനശക്തിയോ ഇല്ലാത്ത സാധുക്കളായ ആളുകളിൽനിന്നും അവർ സ്വപ്നംപോലും കണ്ടിട്ടില്ലാത്ത തുക ആദായമുണ്ടെന്നു രേഖപ്പെടുത്തി അക്രമമായ രീതിയിൽ നികുതി ഈടാക്കുകയും ചെയ്യുവരുന്നുവെന്ന വസ്തുതയാണ്. ഇതു തികച്ചും ന്യായരഹിതമായ ഒരു പ്രവൃത്തിയാണ്. സാധുക്കളുടെ രക്തം ഊറ്റിയെടുക്കുന്ന ഈ ദുഷിച്ച പാരമ്പര്യം ഒരു ജനകീയ ഗവണ്മെൻറിന് ഭൂഷണമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെൻറിന്റെ കാരോകാലത്തെ നടപടികളാലോ ഭരണമേധാവിയുടെ നിർദ്ദേശങ്ങളാലോ അല്ലെങ്കിൽ മറുവല്ല നയത്തിന്റെയും അഭാവത്താലോ സംഭവിച്ചിട്ടുള്ള ഭരണദുഷ്യങ്ങളുടെ ഫലം അനുഭവിക്കേണ്ടിവരുന്നത് ഇത്തരം സാധുക്കളാണ്.

MR. N. DANIEL JOSE : Is it a case of people, I mean poor people being forced to pay income tax as is being pointed out by the Hon'ble member ?

MR. JOSEPH MALIECKAL : Really they may be people who have not to pay. But here it is a case where they are being pressed to pay, rather made to pay.

LIBRARY ARCHIVES Kerala Legislative Assembly

നികുതി ഈടാക്കുന്നതു് ഒരു ഏക്കറിൽനിന്നും മാത്രമല്ല, അര ഏക്കർ സ്ഥലമുള്ള ഒരു കൃഷിക്കാരനിൽനിന്നും ൫൦൦൦ രൂപാ മുതൽ ൫൦൦൯–മോ ൬൦൦൦–മോ രൂപാവരെ ആദായം എടുക്കുമെന്നു കാണിച്ചു് നികുതി ഈടാക്കിക്കൊണ്ടിരിക്കുന്നു.

MR. A. K. PATCHU PILLAI: ഒരേക്കർ സ്ഥലത്തുനിന്നോ, അര ഏക്കർ സ്ഥലത്തുനിന്നോ ബഹു. മെമ്പർ പറയുന്നതുപോലെ അന്യായമായിട്ടു് നികുതി ഈടാക്കിയിട്ടുള്ളതായ വല്ല കേസുകളും അറിയാമോ ?

MR. JOSEPH MALIEKKAL: വളരെ കേസുകൾ ഉണ്ടായിട്ടുണ്ടു്. ഏകദേശമായി ഇവകളുടെ ഒരു ലിസ്റ്റും ഞാൻ തയ്യാറാക്കിവച്ചിട്ടുണ്ടു്. ഉദാഹരണത്തിനുവേണ്ടി ഒന്നുരണ്ടു സംഗതികൾ ഇവിടെ പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. ചെറുവള്ളിയിൽ ചിറക്കടവു് എന്ന സ്ഥലത്തു് ൪൦ ഏക്കർ ഉള്ള ഒരു നായർ കുടുംബത്തിലെ ഒരു അംഗത്തിനു് ൧൯൫൦–ൽ ഉണ്ടായ ഭാഗപത്രപ്രകാരം ൫ ഏക്കർ സ്ഥലം വീതത്തിൽ കിട്ടി. ഒറ്റി ബാദ്ധ്യതയിൽ അന്യാധീനപ്പെടാതെ കിടന്ന ഈ ൫ ഏക്കർ സ്ഥലം വിട്ടുതരണമെന്നു കാണിച്ചു് കോടതിയിൽ കേസുകൊടുത്തു. അതിന്റെ ഫലമായിട്ടു്, ഒരേക്കർ സ്ഥലം അദ്ദേഹത്തിനു് അധീനപ്പെടുത്തിക്കിട്ടി. അതായതു് നികുതി ഉദ്യോഗസ്ഥന്മാർ ഈ അളിൽനിന്നും ൪ ഏക്കർ സ്ഥലത്തിനുള്ള ആദായനികുതി ഈടാക്കിവരുന്നു. അതുപോലെതന്നെ വേറൊരു കേസു് പറയാനുള്ളതു് ഒരാൾ ൧൦ ഏക്കറിൽ തെങ്ങിൻതൈവച്ചു. അതു് കുഴിയിൽനിന്നും കരകേറിയില്ല. അതിനിടയിൽ നികുതി ഉദ്യോഗസ്ഥന്മാർ ആ തെങ്ങിന്റെ എണ്ണവും അതിൽ ഓരോന്നിൽനിന്നും കിട്ടുന്ന തേങ്ങായുടെ എണ്ണവും കണക്കാക്കി അദ്ദേഹത്തിനു ഒരുണ്ടിൽ പതിനായിരം രൂപ വരെ ആദായം കിട്ടുമെന്നു കണക്കുകാണിച്ചു് നികുതി ഈടാക്കിവരുന്നു. ഇതിനുംപുറമേ വെറും പുല്ലുമാത്രം പിടിച്ചു കിടക്കുന്ന സ്ഥലങ്ങൾ അതായതു്, കിച്ചൻ ഗാർഡൻ മുതലായവയ്ക്കുകൂടെ ഇവർ നികുതി ചുമത്തുന്നു. എന്നാൽ കളക്ടറന്മാരുടെ അനീതിപരമായ നികുതിഈടാക്കലിനെ സംബന്ധിച്ചു് കമ്മിഷണരുടെ അടുത്തു് അപ്പീൽ ബോധിപ്പിച്ചാൽതന്നെയും സാധുക്കൾക്കു് യാതൊരു പരിഹാരവും കിട്ടാതെയാണിരിക്കുന്നതു്. കാരണം അന്നത്തെ ന്യായാധിപതിയോടുള്ള ഭയമാണു്. അപ്പീൽകേസു് ന്യായമാണെന്നു കമ്മീഷണർക്കു് ബോദ്ധ്യപ്പെട്ടാൽതന്നെയും അതു ന്യായമാണെന്നു അദ്ദേഹം വിധികല്പിക്കുന്നില്ല. അന്നു ഇവിടത്തെ ന്യായാധിപതിക്കു് പണത്തിനു് കുറവുണ്ടെന്നുകണ്ടാൽ ഉടനെ ഫോൺ എടുക്കുകയായി,



LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal].

Over the phone the officer concerned will be directed to remit 4 lakhs of rupees. It will be stated one fine morning that such a deficiency in the Treasury has to be made up immediately. Immediately the officer concerned will indent upon the assistance of his assistant for procuring that money and who in turn will ask the Collector or Income-tax officer to find out ways and means of making that amount. The Collectors will naturally go about and make assessments of this sort and the poor people will be victimised. That state of affairs has been going on for a long time.

MR. MANNAR GOPALAN NAIR : ഈ സംഭവം ഉണ്ടായത് എന്നാണെന്നു പറയാമോ ?

MR. JOSEPH MALIECKAL : Evidently my friend was with those people. I shall not now weary him on that point.

അതുകൊണ്ട് നീതിനടത്തുന്നതിലേക്കും അനീതിയെ പരിഹരിക്കുന്നതിലേക്കുമായി മുൻതീരുമാനങ്ങളെ പുനഃപരിശോധന ചെയ്യേണ്ടതാണ്. ഒരു കേസ് തെറ്റായിട്ടു വിധിച്ചുപോയാൽ തന്നെയും വീണ്ടും പുനഃപരിശോധന ചെയ്യണമെന്നു വന്നാൽ അങ്ങനെ ചെയ്യുന്നതിനുള്ള അധികാരം ഗവണ്മെൻറിനുണ്ടായിരിക്കണം.

ഈടാക്കാതെ പോയതു് കണ്ടുപിടിച്ചു് ഈടാക്കാൻ മാത്രമല്ല അധികം ഈടാക്കിയിട്ടുള്ളതു് തിട്ടപ്പെടുത്തി തിരിച്ചു കൊടുക്കുന്നതിനും ഗവണ്മെൻറിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ആ സ്വാതന്ത്ര്യവും അധികാരവും ഒരു ഭാഗത്തുമാത്രം പോരാ; രണ്ടുഭാഗത്തും വേണം. കഴിഞ്ഞ നാലുകൊല്ലക്കാലമായി ആദായനികുതി അസസ്സ്മെൻറിന്മേൽ കൊടുത്തിട്ടുള്ള അപ്പീലുകൾ ഇനിയും തീരുമാനിക്കാതെ കിടക്കുന്നുണ്ട്. അങ്ങനെ ഇട്ടിരിക്കുന്നതു് മനഃപൂർവമാണെന്നുള്ള ഒരു ധാരണ ജനങ്ങളുടെ ഇടയിലുണ്ട്. സ്ഥലത്തുപോയി വസ്തുവിൻറെ ആദായം ശരിയായി തിട്ടപ്പെടുത്താതെ വെറും സങ്കല്പം വെച്ചുകൊണ്ടാണ് നികുതി ചുമത്തുന്നതു്. അതിന്മേൽ പെറ്റിഷൻകൊടുത്താൽ സ്റ്റേ അനുവദിച്ചുപോലും കിട്ടുന്നില്ല. ഇങ്ങനെ ചുമത്തുന്ന നികുതി മുഴുവൻ ഈടാക്കിക്കൊണ്ടിരിക്കുന്നതായി ധാരാളം കേസുകൾ എനിക്കറിയാം. കോടതിയാണെങ്കിൽ ഒരു കോടതിയുണ്ടായിരുന്നതുപോലും ഇപ്പോൾ എടുത്തു കളഞ്ഞിരിക്കുകയാണ്. അതു വീണ്ടും തുടരാൻ തീരുമാനിച്ചിരിക്കുന്നുവെന്നു് കേൾക്കുന്നുണ്ടു്. ഏതായാലും ഇങ്ങനെ ഒരു പുനഃപരിശോധന ചെയ്യുമ്പോൾ അതിൻറെ എല്ലാ ഭാഗങ്ങളേയും സംബന്ധിച്ചു നോക്കേണ്ടതാണ്. അതിനുള്ള വ്യവസ്ഥകൾ ഇപ്പോ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിൽ ഉൾപ്പെടുത്തണം അതു സെലക്ട് കമ്മിറ്റിയിൽവെച്ച് ചെയ്യാവുന്നതാണ്. കഴിഞ്ഞകാലത്തെ കാര്യങ്ങൾ ഒന്ന് റീഓപ്പൺ ചെയ്യണമെന്നു തീരുമാനിക്കുമ്പോൾ അതു കുറച്ച് ഇഴടാക്കിയിട്ടുള്ളവരെ സംബന്ധിച്ച് മാത്രമായിരിക്കരുതെന്നാണ് ഞാൻ പറയുന്നതു്. അങ്ങനെ നീതിയായിട്ടും പക്ഷപാതംകൂടാതെയും ഗവണ്മെൻറ് പ്രവർത്തിക്കുന്നു എന്നു കണ്ടാൽ ജനങ്ങൾക്കുതന്നെ അവരോട് വലിയൊരു ബഹുമാനം ഉണ്ടാകുന്നതാണ്. അതുകൊണ്ടു ഒരു ഭേദബുദ്ധി കാണിക്കാതെ രണ്ടുഭാഗവും നോക്കി നീതിയായിട്ടു മുന്നോട്ടുപോകണമെന്നാണ് എൻറെ അഭിപ്രായം.

MR. CHERIYAN J. KAPPAN (*Meenachil III—General*): സർ, ഞാൻ ഈ ബില്ലിൻറെ സ്പിരിറ്റിനോട്, യോജിക്കുന്നതോടൊപ്പം എൻറെ സ്നേഹിതൻ മിസ്റ്റർ മാളിയേയ്ക്കൽ പറഞ്ഞ സംഗതികളിൽ അദ്ദേഹത്തിൻറെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയാണ് ചെയ്യുന്നതു്. ഈ ബില്ലിൻറെ പ്രീയാംബിൾ ഇങ്ങനെയാണ്:

Preambl. Whereas it is expedient, for the purpose of ascertaining whether the actual incidence of taxation on income is and has been in recent years in accordance with the provisions of law, and the extent to which the existing law and procedure for the assessment and recovery of such taxation is adequate to prevent the evasion thereof, to make provision for an investigation to be made into such matters.

അങ്ങനെയാണെങ്കിൽ ഈ ടാക്സേഷൻറെ ഇൻസിഡൻസായി നിയമപരമായി ചെല്ലേണ്ടാത്തവരിലും ചെന്നിട്ടുണ്ട്. അതിലേയ്ക്കുകൂടി ഒരു പ്രൊവിഷൻ ഉണ്ടാക്കേണ്ടതായിരുന്നു. നിയമപരമായി ന്യായമായി ചെല്ലേണ്ടതു് എന്തെങ്കിലും കാരണത്താൽ ചെന്നിട്ടില്ലെങ്കിൽ അതു് ഇഴടാക്കുന്നതിന് ഒരു നിയമമുണ്ടാക്കുമ്പോൾ, ചെല്ലേണ്ടാത്തവരിൽനിന്നും അന്യായമായി ഇഴടാക്കിയിട്ടുള്ളതുകൂടി തിരിയെകൊടുക്കാൻ വ്യവസ്ഥയുണ്ടാക്കിയേതീരൂ. മി. ജോസഫ് മാളിയേക്കൽ പറഞ്ഞതുപോലെ ഈ ബില്ലു് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു വരുമ്പോൾ അതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്താവുന്നതാണ്. അല്ലാതെ ഒരുവശംമാത്രം പരിഗണിച്ചു നിയമമുണ്ടാക്കുന്നതു് നീതിപൂർവ്വകമായിരിക്കുകയില്ല. ആരിൽനിന്നെങ്കിലും അന്യായമായി കൂടുതൽ ഇഴടാക്കിയിട്ടുണ്ടോ എന്നു് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ, അങ്ങനെയുണ്ടെന്നു ബോദ്ധ്യപ്പെടുത്തിയാൽ അതിന്മേൽ വേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. Cheriyan J. Kappan].

പരിഹാരം ചെയ്യാമെന്ന് ഉറപ്പുനൽകിയാൽ അത്തരം കേസുകളുടെ ഒരു നീണ്ട ലിസ്റ്റ് തയ്യാറാക്കിത്തരുന്നകാര്യം ഞാൻ ഏൽക്കുന്നു. ന്യായമായി കൊടുക്കേണ്ടവരിൽനിന്നും ഇടാക്കാതിരുന്നിട്ടുണ്ടെന്നുള്ളതും പരമാർത്ഥമാണ്. ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൊണ്ടും കൊള്ളരുതായ്മകൊണ്ടും വന്നിട്ടുള്ളതാണത്. ന്യായമായി ഒന്നും കൊടുക്കാനില്ലാത്ത പല കൃഷിക്കാർക്കും വളരെ അധികമുണ്ടെന്ന് ആദ്യം അസെസ്സ് ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ കണക്കാക്കി വളരെ വലിയ സംഖ്യകൾ ആദായനികുതിയായി ഇടാക്കിയിട്ടുണ്ട്. ഇപ്പോഴും അങ്ങനെ നടക്കുന്നുമുണ്ട്. ആദ്യം അസെസ്സ് ചെയ്യുന്ന പാർവ്വതൃകാരോ അല്ലെങ്കിൽ മാറാതെകിടപ്പും ഉദ്യോഗസ്ഥനോ സാധാരണയായി സ്ഥലത്തുപോയി പരിശോധിച്ച് ശരിയായ എന്താദായം കിട്ടുമെന്നു അറിഞ്ഞിട്ടല്ലാ അസെസ്സ് ചെയ്യുന്നത്. ഒരേക്കർ സ്ഥലത്തു നൂറു തെങ്ങുണ്ടെങ്കിൽ തെങ്ങൊന്നിന് പത്തുതേങ്ങാ എന്ന ക്രമത്തിൽ കണക്കാക്കി കച്ചേരിയിൽ ഇരുന്നുകൊണ്ടതന്നെ ആദായം അസെസ്സ് ചെയ്യുന്ന ഒരു ഏർപ്പാടാണ് ഇന്ന് പലയിടത്തുമുള്ളത്. അവരുദ്ദേശിക്കുന്ന ആദായം ആ സ്ഥലത്തുണ്ടോ എന്ന് അവർ പോയി അന്വേഷിക്കാറില്ല. ഇങ്ങനെ പലതരത്തിൽനിന്നും അന്യായമായി ധാരാളം തുകകൾ ഇടാക്കിയിട്ടുണ്ട്.

MR. ABDUL AZIZ : ഇങ്ങനെ അന്യായമായി മുമ്പ് ഈടാക്കിയിട്ടുള്ള തുകകൾ എത്രയാണെന്നു പരിശോധിക്കാൻ എന്തുപാധിയാണ് ബഹു. മെമ്പർ നിർദ്ദേശിക്കുന്നത് ?

MR. CHERIYAN J. KAPPAN : കുറച്ചിടാക്കിയവരിൽ നിന്ന് ഈടാക്കേണ്ട തുകകൾ എത്രയാണെന്ന് പരിശോധിക്കാൻ എന്തുപാധിയാണോ ഉള്ളത് അതേ ഉപാധിതന്നെ അന്യായമായി കൂടുതൽ ഈടാക്കിയ തെറ്റുകൾ പരിശോധിക്കാനും മതിയാകുന്നതാണ്. അല്ലാതെ അതിനു പ്രത്യേകം ഒരുപാധിയാവശ്യമില്ല.

ഞാൻ അസെസ്സ് ചെയ്യുന്ന സമ്പ്രദായത്തെപ്പറ്റിയാണു പറഞ്ഞുകൊണ്ടിരുന്നത്. മീനച്ചൽ താലൂക്കിലും മറ്റും ഇതുവരെ സംഭവിച്ചതും നടന്നതുകൊണ്ടിരിക്കുന്നതും എനിക്ക് നേരിട്ടറിയാം. നാലു തെങ്ങുപോലുമില്ലാത്ത സ്ഥലത്തു നിന്ന് ഏക്കറിന് നൂറു തെങ്ങു കണക്കാക്കി തെങ്ങൊന്നിന് പത്തുതേങ്ങാ എന്ന ക്രമത്തിൽ നാനൂറു തേങ്ങായ്ക്ക് വിലയിട്ട് ആദായം അസെസ്സ് ചെയ്തുകൊണ്ടിരുന്നതായി എനിക്കറിയാം. അതുകൊണ്ടു വേറെ നിതിയു

LIBRARY ARCHIVES Kerala Legislative Assembly

ടെയും ന്യായത്തിന്റെയും പേരിൽ അങ്ങനെ അന്യായമായി ഈടാക്കിയിട്ടുള്ള തുകകൾ പരിശോധിച്ച് തിരിയെക്കൊടുക്കുന്നതിനുള്ള ഒരു വ്യവസ്ഥകൂടി ഈ ബില്ല് സെലക്ട് കമ്മിറ്റിയിൽ വരുമ്പോൾ ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. എങ്ങനെയെങ്കിലും പണം പിഴിഞ്ഞെടുക്കണമെന്നുള്ളതായിരിക്കയില്ലല്ലോ ഒരു ജനകീയ ഗവണ്മെന്റിന്റെ ആഗ്രഹം. അന്യായമായി ജനങ്ങളിൽനിന്നും യാതൊന്നും ഈടാക്കരുതെന്ന് ഇന്നത്തെ ഗവണ്മെന്റിന് നിർബന്ധമുണ്ട്. അതുകൊണ്ട് അങ്ങനെ ഈടാക്കിയിട്ടുള്ള തുകകൾ തിരിയെക്കൊടുക്കുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നു.

MR. P. S. MUHAMMED: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ കുറെക്കാലങ്ങളായി എന്തൊക്കെയോ കാരണങ്ങളാൽ ആദായനികുതി അന്യായമായി ഈടാക്കിയിട്ടുണ്ടെന്ന് ഒരു ഭാഗത്തും, ചിലരിൽനിന്ന് വേണ്ടിടത്തോളം ഈടാക്കിയിട്ടില്ലെന്ന മറുഭാഗത്തും വാദം പുറപ്പെടുവിക്കുന്നു. അങ്ങനെ വരുമ്പോൾ രണ്ടു വശവും നോക്കാതെ നിവൃത്തിയില്ല. വേണ്ടിടത്തോളം ഈടാക്കാതിരുന്നതെല്ലാം കണ്ടുപിടിച്ച് ഈടാക്കാൻ ഒരു നിയമം ഉണ്ടാക്കുകയാണെങ്കിൽ അതിന്റെ മറുവശവുംനോക്കാതെ നിവൃത്തിയില്ല. ഉദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മ കൊണ്ടാണ് അങ്ങനെ സംഭവിച്ചിട്ടുള്ളതെന്ന് ഇവിടെ പറഞ്ഞു. ഇങ്ങനെ എന്നും ഉദ്യോഗസ്ഥന്മാരെ കുറ്റംപറഞ്ഞു നടക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകുവാൻ പോകുന്നില്ല. ഈ അസംബ്ലി ഒരു പരമാധികാര അസംബ്ലിയാണ്. ഈ അസംബ്ലിയും ഇവിടത്തെ ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ഐക്യമാണ് നമ്മുടെ ജനകീയഭരണത്തെ വിജയിപ്പിച്ച മുന്നോട്ടുകൊണ്ടുപോകേണ്ടത്. അതുകൊണ്ട് ഓരോ തവണയും ഈ അസംബ്ലിക്കുമ്പോൾ ഉദ്യോഗസ്ഥന്മാരെ കുറ്റംപറയുന്നതു നമുക്ക് നല്ലതല്ല. ഈ കുറ്റംപറച്ചിൽ തുടരുന്നതുകൊണ്ട് നമുക്ക് യാതൊരു പ്രയോജനവും കിട്ടാൻപോകുന്നില്ല. കഴിഞ്ഞകാലങ്ങളിൽ ന്യായമായി കിട്ടാതിരുന്നതു കണ്ടുപിടിച്ച് ഈടാക്കുന്നതിനു ഒരു നിയമം ഉണ്ടാക്കി എന്നിരിക്കട്ടെ. അതിനെ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിന് ഒരു മെഷിനറിയും ഉണ്ടാക്കിയാൽ എന്തായിരിക്കും അതിന്റെ ഫലം? ധാരാളമായിക്കൊടുക്കാനുണ്ടായിരുന്നവർ കുറ്റം കൊടുക്കാനില്ലെന്നോ അല്ലെങ്കിൽ കൊടുത്തതുതന്നെയും കൂടുതലായിരുന്നുവെന്നോ കാണിക്കുന്നതിന് ഉതകത്തക്കവിധം

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed.]

ഇന്നുമുതൽക്കുതന്നെ കള്ളക്കണക്കുകൾ തയ്യാറാക്കാൻ തുടങ്ങും. കോടിക്കണക്കിന് ആദായമെടുത്ത വിദേശവ്യാപാരികൾ നമ്മുടെ നാട്ടിലുണ്ട്. അവരിൽ ചിലരിൽനിന്ന് ആദായനികുതി ശരിയായി ഈടാക്കിയിട്ടില്ലെന്നംവരാം. എന്നാൽ അതു് കണ്ടുപിടിച്ചു് ഈടാക്കുന്നതിനു ഒരു മെഷീനറിരൂപീകരിക്കാൻ പോകുന്നുവെന്നറിഞ്ഞാൽ ഇന്നുമുതൽക്കുതന്നെ കള്ളക്കണക്കുകൾ സൃഷ്ടിച്ചു് ഒടുവിൽ നഷ്ടമായിരുന്നുവെന്നു് തെളിയിക്കും. അങ്ങനെ ഇതുകൊണ്ടു് ഒരു പ്രയോജനവുമില്ലെന്നുവരും. അല്ലെങ്കിൽ ഒരു ആർബിട്രേഷൻവേണ്ടിവരും. അപ്പോൾ അതു അക്രമമാകും. അതേ സമയം അന്യായമായി ഈടാക്കിയതു് തിരിയെ കിട്ടണമെന്നുള്ള അപേക്ഷക്കാർ ധാരാളമുണ്ടാവുകയും ചെയ്യും. കഴിഞ്ഞ കാലങ്ങളിൽ അന്നിരുന്ന ഗവണ്മെൻറു് ആരിൽ നിന്നെങ്കിലും അന്യായമായി തുകകൾ ഈടാക്കിയിട്ടുണ്ടെന്നു് പറയുന്നതിനു് അർത്ഥമൊന്നുമില്ല. കള്ളക്കണക്കുകൾവച്ചു് ആദായനികുതിയിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിച്ചവർക്കു് അതു് സാധിച്ചിട്ടില്ലായിരിക്കാമെന്നല്ലാതെ അധികം ഈടാക്കിയെന്നു പറയുന്നതിൽ പരമാർത്ഥമൊന്നുമില്ല. അഥവാ ഇനി അന്നത്തെ ഗവണ്മെൻറു് അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ തന്നെയും നഷ്ടപരിഹാരം ചെയ്യേണ്ട ആവശ്യം ഇന്നത്തെ ഗവണ്മെൻറിനില്ല. ഗവണ്മെൻറു് അങ്ങനെയല്ല പ്രവർത്തിക്കാൻ പോകുന്നതു്, ആദായനികുതിയിൽനിന്നു് ഒഴിഞ്ഞുമാറിയിട്ടുള്ളവരെയെല്ലാം കണ്ടുപിടിച്ചു ഈടാക്കേണ്ടിടത്തോളം ശരിയായി ഈടാക്കാൻതന്നെയാണു് തീരുമാനിച്ചിരിക്കുന്നതെങ്കിൽ എന്റെ സ്നേഹിതന്മാർ മി. മാളിയേക്കലും, മി. ചെറിയാൻ കാപ്പനും പറഞ്ഞതുപോലെ അതിന്റെ മറുഭാഗക്കാർ പറയുന്നതുംകൂടി കേൾക്കുകതന്നെവേണം. അതുകൊണ്ടു് വീണ്ടും ഇതിനെപ്പറ്റി ഒരു അന്വേഷണം നടത്തിയിട്ടു് ഇങ്ങനെ ഒരു ബില്ലു് അവതരിപ്പിച്ചാൽപോരെ എന്നുള്ള കാര്യം സഭ പരിചിന്തിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

**HON'BLE MR. T. K. NARAYANA PILLAI :** സർ, ഗവണ്മെൻറിന് അടിയന്തിരമായി കുറച്ചു് ലെജിസ്ലേറ്റീവു് ബിസിനസ്സുകൂടി തീർക്കുന്നതിന് ഈ അസംബ്ലി തിങ്കളാഴ്ചത്തേക്കുകൂടി നീട്ടണമെന്നു് ഞാൻ ബഹു: പ്രസിഡൻറിനോടു് അപേക്ഷിക്കുന്നു.

**MR. E. P. POULOSE (*Muvattupuzha III—General*) :** സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോടു് അനുകൂലിക്കുന്നതോടുകൂടി മി. മാളിയേക്കലിന്റെ അഭിപ്രായത്തെ പിന്താങ്ങുന്നു. അന്യായമായി നികുതി

LIBRARY ARCHIVES Kerala Legislative Assembly

ഇടാക്കിയിട്ടുള്ള അനേകം കേസുകൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. അങ്ങനെ ഇടാക്കിയിട്ടുള്ള തുകകൾ തീർച്ചയായും തിരിച്ചുകൊടുക്കേണ്ടതുമാണ്. എന്റെ സ്നേഹിതൻ മി. പാച്ചു പിള്ള ചോദിക്കുകയുണ്ടായി അങ്ങനെ ഇടാക്കിയിട്ടുള്ള ഏതെങ്കിലും കേസുകൾ ഉദ്ധരിക്കാമോ എന്ന്. എന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുള്ള ചില സംഗതികൾ ഞാൻ പ്രസ്താവിക്കാം. ഒരു കശുമാവുതോട്ടത്തിന് കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി ചുമത്തിയിരിക്കുന്ന നികുതിതുക ഗവണ്മെൻറു കൊടുക്കാൻ തയ്യാറുണ്ടെങ്കിൽ ആ തോട്ടമുടമസ്ഥൻ അതു പാട്ടമായി എഴുതിക്കൊടുക്കാൻ തയ്യാറുണ്ട്. ആ തോട്ടം പാട്ടംകൊടുത്താൽ കിട്ടുന്ന തുകയെക്കാൾ വളരെ വലിയ ഒരു തുകയാണ് ആദായനികുതി ചുമത്തിയിരിക്കുന്നതു്. ഇങ്ങനെ പല ഉദാഹരണങ്ങളുമുണ്ട്. പുൽതൈലം. ഉത്തരതിരുവിതാംകൂറിലെ ചെറുതരം കൃഷിക്കാരുടെ കൃഷിയാണ്. പുൽതൈലത്തിന് ഡസന് ൪൫-൦൦ നു ൦-൦൦ രൂപാ വിലയുണ്ടായിരുന്നപ്പോൾ അതിൽ ൨൫ രൂപാ ചിലവിനുനീക്കി വച്ചിട്ട് ബാക്കി തുക മുഴുവൻ ആദായമായി കണക്കാക്കി നികുതി ഇടാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഡസന് ൫൦ രൂപാമാത്രം വിലയുള്ളപ്പോൾ ചിലവു നീക്കി മിച്ചമൊന്നും കിട്ടുവാൻ ഇല്ലാത്തതുകൊണ്ട് ആരും ഇഞ്ചിപ്പുല്ല് മുറിക്കുകയോ വാറുകയോ ചെയ്യുന്നില്ല.

Extension of the sitting of the Assembly to Monday.

MR. PRESIDENT: Order, Order. According to the request of the Prime Minister I extend the sitting of the House to Monday also.

MR. V. K. VARGHESE: നാൾ ആഫിഷ്യൽഡേ നാളെയാണോ തിങ്കളാഴ്ചയാണോ എന്നറിഞ്ഞാൽകൊള്ളാം.

MR. PRESIDENT: Tomorrow is non-official day. Official business will be taken up on Monday also.

The House adjourned at 4-30 P. M. to meet again at 11O'Clock on Saturday the 11th December 1948.

V. KRISHNAMOORTHI AIYAR,
*Secretary to the Legislative Assembly.*

LIBRARY ARCHIVES Kerala Legislative Assembly